# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കാളികാവ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2025-2026

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം

# മലപ്പുറം-676505

# ഇ-മെയിൽ: dompm.ksad@kerala.gov.in

# ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം 14/1866/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 14/09/2026
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാളികാവ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം 14/1866/2026 തീയ്യതി: 14/09/2026

# മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-07-2025 മുതൽ 21-07-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-08-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

# (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

## ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അശ്റഫ് പെരുമ്പള്ളി കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 22-07-2026 | 30-07-2026 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-07-2026 | 30-07-2026 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.മൂസ്സ ഇ, ഓഡിറ്റ് ഓഫീസർ
2. ശ്രീ.റഷീദ് വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീമതി. ശംസിയ കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീമതി. ഹുസ്ന വി സി, സീനിയർ ഗ്രേഡ് ഓഡിറ്റർ

# (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബിനു. കെ.സി. | സെക്രട്ടറി | 01-04-2025 | 04-07-2025 |
| ശ്രീമതി അസീന ചെറുപള്ളിക്കൽ | സെക്രട്ടറി | 05-07-2025 | 10-07-2025 |
| ശ്രീ അബ്ദുൽ ഷുക്കൂർ കെ | സെക്രട്ടറി | 11-07-2025 | 31-03-2026 |
| ശ്രീമതി. ഷിജിമോൾ പി. | പ്രസിഡന്റ് | 01-04-2025 | 20-12-2025 |
| ശ്രീമതി രമാ രാജൻ | പ്രസിഡന്റ് | 21-12-2025 | 31-03-2026 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സമീർ വി. എം. | കൃഷി ഓഫീസർ | 01-04-2025 | 31-03-2026 |
| ശ്രീ അൻവർ | വെറ്ററിനറി സർജൻ | 01-04-2025 | 31-03-2026 |
| ഡോ. കാസിം. യു.കെ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2025 | 31-03-2026 |
| ഡോ. റിയാസ്. കെ. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2025 | 01-08-2025 |
| ഡോ മുഹമ്മദ് നജീബ് പി യു | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 02-08-2025 | 31-03-2026 |
| ശ്രീമതി. ഫാത്തിമ ഷംന കെ.വി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2025 | 31-03-2026 |
| ശ്രീ. ബാബു ഫ്രാൻസിസ് | ഹെഡ്മാസ്റ്റർ | 01-04-2025 | 31-03-2026 |

| | | | |
|---|---|---|---|
| ശ്രീ. നൗഫൽ. പി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2025 | 31-03-2026 |
| ശ്രീ. ഷബീബ്. എം. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2025 | 31-03-2026 |
| ശ്രീമതി. ഗ്രീഷ്മ. ജി. ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2025 | 17-07-2025 |
| ശ്രീമതി ജസ്ന പി ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 18-07-2025 | 31-03-2026 |
| ശ്രീമതി. ദിവ്യ ജി. എൻ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2025 | 11-03-2026 |
| ശ്രീമതി സുമില കെ പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 12-03-2026 | 31-03-2026 |
| ശ്രീമതി. സിന്ധു ടി. പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2025 | 08-07-2025 |
| ശ്രീ. ഷറഫുദ്ദീൻ സി.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 09-07-2025 | 15-07-2025 |
| ശ്രീമതി. ഷഹിനാസ് വൈ | അസിസ്റ്റന്റ് സെക്രട്ടറി | 16-07-2025 | 31-03-2026 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | മുൻകൂർ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നു. | 1-1-2 |
| 4 | വരവ് തുകകൾ രേഖപ്പെടുത്തുന്നതിനാവശ്യമായ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-1-3 |
| 5 | യഥാർത്ഥത്തിൽ വരവ്, ചെലവ് ആകാത്ത തുകകൾ രസീറ്റ് ആന്റ് പേയ്മെന്റ് പത്രികകയിൽ ഉൾപ്പെടുത്തി. | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 9 | പദ്ധതി അവലോകനം. | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമപദ്ധതികൾ | 1-7 |
| 12 | ക്യാഷ് പരിശോധന | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | കറന്റ് അക്കൗണ്ടിൽ വൻ തുക സൂക്ഷിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. | 1-11 |
| 16 | കുടിശ്ശിക തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-12 |
| 17 | തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു. | 1-13 |

| | | |
|---|---|---|
| 18 | വിനോദ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. | 1-14 |
| 19 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്. | 1-15 |
| 20 | കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-16 |
| 21 | അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനം- വസ്തു നികുതി ഈടാക്കിയില്ല, മറ്റ് അപാകത | 1-17 |
| 22 | സ്കൂൾ കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ- ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-18 |
| 23 | ഡക്സ് ഫോർഡ് എജ്യൂപാർക്ക് - വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത | 1-19 |
| 24 | ഐ.കെ.എം വിഹിതം നൽകൽ - രശീതി ലഭ്യമാക്കിയില്ല. | 1-20 |
| 25 | VEELS" വെബ്സൈറ്റിൽ വാഹനങ്ങളുടെ ചെലവ് വിവരങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടില്ല. | 1-21 |
| 26 | അജൈവ മാലിന്യങ്ങളുടെ കയ്യൊഴിക്കൽ - ജി.പി.എസ് രേഖകൾ ഹാജരാക്കേണ്ടതാണ്. | 1-22 |
| 27 | അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള തെരുവ് വിളക്ക് സ്ഥാപിക്കൽ - പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ. | 1-23 |
| 28 | വൃക്ക രോഗികൾക്കും നിത്യ രോഗികൾക്കും മരുന്നും അനുബന്ധ ഉപകരണങ്ങളും - മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു. | 1-24 |
| 29 | ഹരിത ഇക്കോ സെൻസ് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകത. | 1-25 |
| 30 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് നൽകി. | 1-26 |

| | | |
|---|---|---|
| 31 | അമ്പലക്കുന്ന് സ്കൂളിന് സോളാർ പ്ലാന്റ് സ്ഥാപിക്കൽ-GST TDS കുറവു ചെയ്തില്ല | 1-27 |
| 32 | എസ്.എസ്.കെ. വിഹിതം- വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-28 |
| 33 | സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി വയോജനങ്ങൾക്ക് ഉല്ലാസ യാത്ര നടത്തി. | 1-29 |
| 34 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - അധിക തുക നൽകി | 1-30 |
| 35 | സ്മാർട്ട് അങ്കണവാടി, ഹൈടെക് അങ്കണവാടി -അപാകതകൾ. | 1-31 |
| 36 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി-മരുന്ന് ലഭ്യമായിട്ടില്ല. | 1-32 |
| 37 | കെ.എസ്.ഇ.ബി ക്ക് മുൻകൂർ നൽകി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-33 |
| 38 | പഞ്ചായത്ത് ഓഫീസിലെ നെറ്റ്വർക്ക് കൺസീൽഡ് നെറ്റ്വർക്ക് ആക്കൽ - വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-34 |
| 39 | പരിരക്ഷ പദ്ധതിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു. | 1-35 |
| 40 | ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു. | 1-36 |
| 41 | ഗ്രൗണ്ടിൽ മണ്ണ് നിറക്കൽ - അധിക നിരക്ക് നൽകി | 1-37 |
| 42 | ഇ- ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിൽഅടവാക്കുന്നില്ല | 1-38 |
| 43 | സർക്കാർ ഉത്തരവിനും PWD മാന്വലിലെ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി | 1-39 |
| 44 | അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-40 |
| 45 | അധിക നിരക്കിൽ സെന്റേജ് ചാർജ് നൽകി | 1-41 |

| | | |
|---|---|---|
| 46 | 60 ലക്ഷം രൂപയുടെ മെയ്റ്റനൻസ് ഗ്രാന്റ് ലാപ്സായി. | 1-42 |
| 47 | ഗുണ നിലവാര പരിശോധന നടത്തിയില്ല | 1-43 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | അധിക നിരക്കിൽ സെന്റേജ് ചാർജ് നൽകി | 3-1 |
| 2 | ഗ്രൗണ്ടിൽ മണ്ണ് നിറക്കൽ - അധിക നിരക്ക് നൽകി | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കാളികാവ് ഗ്രാമ പഞ്ചായത്തിന്റെ 2026 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2026 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 24.06.2026 തീയതിയിലെ നം 2(1) തീരുമാനം പ്രകാരം അംഗീകരിച്ച് 13.07.2026 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാളികാവ് ഗ്രാമ പഞ്ചായത്തിന്റെ 2025-26 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2026 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2026 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

മലപ്പുറം
തീയതി : 14.09.2026

## <u>1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.</u>

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

## <u>1-1-2 മുൻകൂർ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നു.</u>

2024-25 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ ഹോമിയോ ക്ക് അനുവദിച്ച മുൻകൂർ തുകയിൽ 3192 രൂപ 2025-26 സാമ്പത്തിക വർഷത്തിലും ക്രമീകരിക്കാൻ അവശേഷിക്കുന്നതായി

രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് എൻകപയറിക്കുള്ള മറുപടിയിൽ (26/30.07.2026) ആയത് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കി.

## 1-1-3 വരവ് തുകകൾ രേഖപ്പെടുത്തുന്നതിനാവശ്യമായ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിക്കുന്നതിന് പകരം വാർഷിക കണക്കിൽ ഈ ഇനത്തിലെ വരവുകൾ രേഖപ്പെടുത്തിയ ഹെഡിന്റെ (4311901) ലെഡ്ജർ പ്രിന്റ് എടുത്ത് സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ സ്ഥാപന തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. വരും വർഷങ്ങളിൽ ഓഡിറ്റ് നിർദ്ദേശപ്രകാരം രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-1-4 യഥാർത്ഥത്തിൽ വരവ്, ചെലവ് ആകാത്ത തുകകൾ രസീറ്റ് ആന്റ് പേയ്മെന്റ് പത്രികകയിൽ ഉൾപ്പെടുത്തി.

2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ് ) ചട്ടങ്ങൾ ചട്ടം 62 ഡി പ്രകാരം കാഷ് അടിസ്ഥാനത്തിലുള്ള പണം കൊടുക്കലും വാങ്ങലും ആണ് വാർഷിക ധനകാര്യപത്രികയിൽ രസീറ്റ് ആന്റ് പേയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.
എന്നാൽ 2025-26 വർഷത്തിൽ വിവിധ ഗ്രാന്റ് ഇനങ്ങളിൽ അലോട്ട്മെന്റ് ലഭിച്ച തുക മുഴുവനായി റസിപ്റ്റ്&പെയ്മെന്റ് പത്രികയിൽ വരവായും ( R17) ചെലവഴിക്കാതെ ലാപ്സ് ആയ ₹5980136 രൂപ P7 3504018 – Refund Payable എന്ന ഹെഡിൽ ചെലവായും അക്കൗണ്ട് ചെയ്തത് വഴി വരവ് ചെലവുകളിൽ യഥാർത്ഥത്തിൽ ലഭിക്കാത്ത ₹5980136 വരവായും ചെലവായും കാണിക്കുന്നതിന് ഇടയായി.
വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫണ്ട് ഇനം | അലോട്ട്മെന്റ് തുക | R17ൽ വരവായി അക്കൗണ്ട് ചെയ്ത തുക | പഞ്ചായത്ത് ചെലവഴിച്ച തുക | ലാപ്സായ തുക (3504018 – Refund Payable) |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് ജനറൽ | 23609048 | 23609048 | 23608545 | 503 |

| | | | | | |
|---|---|---|---|---|---|
| 2 | വികസന ഫണ്ട് SCP | 5272133 | 5272133 | 5248892 | 23241 |
| 3 | മെയിന്റനൻസ് ഫണ്ട് റോഡ് | 36564000 | 36564000 | 32183092 | 4380908 |
| 4 | മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 17026000 | 17026000 | 15450516 | 1575484 |

## 1-2 ബജറ്റ്

| 2025-26 ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2025-26ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./ തിയ്യതി |
|---|---|
| 01(01)/21.03.2025 | 02(01)/20.02.2026 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 5,88,53,033 |
| വരവ് | 16,30,55,460 |
| ആകെ | 22,19,08,493 |
| ചെലവ് | 16,22,56,901 |
| നീക്കിയിരിപ്പ് | 5,96,51,592 |

## 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 23609048 | 23609048 | 23608545 | 503 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5272133 | 5272133 | 5248892 | 23241 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 107934 | 107934 | 107934 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 36564000 | 36564000 | 32183092 | 4380908 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 17026000 | 17026000 | 15450516 | 1575484 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 4531000 | 4531000 | 8035740 | -3504740 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 6041000 | 6041000 | 4748821 | 1292179 |

## 1-5 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|
| 391 | 220970246 | 295 | 140614677 | 96 | 75% |

കുറിപ്പ്-സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 2155508 | 2155508 | 2155508 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 26992346 | 26992346 | 26992346 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 29,14,400 | 133 |
| വിധവാപെൻഷൻ | 3,33,13,600 | 1570 |
| വാർദ്ധക്യകാലപെൻഷൻ | 5,10,87,200 | 2586 |
| വികലാംഗപെൻഷൻ | 1,16,09,800 | 548 |
| വിവാഹ ധനസഹായം | 1,50,000 | 5 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 16,50,000 | 85 |
| സ്ത്രീ സുരക്ഷാ പെൻഷൻ | 54,61,000 | 2906 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.07.2026 03.15 ന് മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,153/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ കണ്ടെത്തിയ പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. അക്രഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളിൽ കാട്ട് ചെയ്ത 3.29% നിരക്കിലുള്ള സെന്റേജിന് പകരം 3.99% സെന്റേജ് നൽകാനിടയായത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.
2. അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള പ്രവൃത്തികളിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് ക്രമ പ്രകാരമല്ല.
3.വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്ന ധർമ്മം നിർവ്വഹിക്കപ്പെടുന്നില്ല.

4. പ്രൊജക്കുകൾ സമയ ബന്ധിതമായി പൂർത്തീകിച്ച് ബിൽ സമർപ്പിക്കാത്തതിനാൽ മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ് ഇനങ്ങളിൽ ഫണ്ട് ലാപ്സായിട്ടുണ്ട്.
5. സ്പിൽ ഓവർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2022 | 01.10.2022 മുതൽ 31.10.2022 വരെ | വിവരം ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.09.2012 | 2007-08 മുതൽ 2011-12 വരെ | 17.12.2012 |

## 1-11 കറന്റ് അക്കൗണ്ടിൽ വൻ തുക സൂക്ഷിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഇ പെയ്മെന്റിന് വേണ്ടി ആരംഭിച്ച ചുവടെ ചേർത്ത കറന്റ് അക്കൗണ്ടിൽ 2025-26 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർത്തത് പ്രകാരം വൻ തുക നീക്കിയിരിപ്പായി അവശേഷിച്ചിരുന്നു.

| | |
|---|---|
| അക്കൗണ്ട് നമ്പർ | 67384726888(SBI കരുവാരക്കുണ്ട്) |
| 31.03.2026 ലെ പാസ്സ് ബുക്ക് ബാലൻസ് | 27,91,806.38/- |
| 30.06.2026 ലെ പാസ്സ് ബുക്ക് ബാലൻസ് (ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയത് | 34,03,632.38/- |

അക്കൗണ്ട് നിലനിർത്തുന്നതിന് വേണ്ട ഒരു നിശ്ചിത തുക നിലനിർത്തിയ ശേഷം ബാക്കി തുക പലിശ ലഭിക്കുന്ന എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നെങ്കിൽ പലിശ ഇനത്തിൽ (എസ്.ബി.ഐ യുടെ സേവിങ്ങ്സ് അക്കൗണ്ട് പലിശ നിരക്ക് 2.5% ) ഗ്രാമപഞ്ചായത്തിന് വരുമാനം ലഭിക്കുമായിരുന്നു.
ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (27/30.07.2026) നൽകിയതിനെ തുടർന്ന് മേൽ അക്കൗണ്ടിൽ നിന്നും കനറാ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 4692101004809) മാറ്റി രേഖകൾ ലഭ്യമാക്കി.
കറന്റ് അക്കൗണ്ടിൽ ഇപ്രകാരം വൻ തുകകൾ ദീർഘകാലം സൂക്ഷിക്കുന്ന പ്രവണത ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-12 കുടിശ്ശിക തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2025-26 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് B 14, ലേലം രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്ത ഇനങ്ങൾക്ക് കുടിശ്ശിക ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | കുടിശ്ശിക | കുറിപ്പ് |
|---|---|---|
| കംഫർട്ട് സ്റ്റേഷൻ | 13116/- | 2023-24 വാർഷിക കണക്ക് B15 പ്രകാരം കുടിശ്ശിക ഇനത്തിൽ 8000/- രൂപ, കറന്റ് ഇനത്തിൽ 5116/- രൂപ എന്നിങ്ങനെ ആകെ 13116/- രൂപയുടെ കുടിശ്ശിക ഉണ്ട്. ആയത് 2025-26 സാമ്പത്തിക വർഷത്തിലും ലഭ്യമായിട്ടില്ല. |
| ബസ് സ്റ്റാന്റ് ലേലം | 84540/- | 2023-24 വാർഷിക കണക്ക് B15 പ്രകാരം കുടിശ്ശിക ഇനത്തിൽ 42,000/- രൂപ, കറന്റ് ഇനത്തിൽ 42540/- രൂപ എന്നിങ്ങനെ ആകെ 84540/- രൂപയുടെ കുടിശ്ശിക ഉണ്ട്. ആയത് 2025-26 സാമ്പത്തിക വർഷത്തിലും ലഭ്യമായിട്ടില്ല. |

മേൽ ഇനങ്ങളിലെ കുടിശ്ശിക തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/27.07.2026) മേൽ കുടിശ്ശിക തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതിന്റെ രേഖകൾ ലഭ്യമാക്കി. കുടിശ്ശിക തുക പൂർണ്ണമായും ലഭ്യമായി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു.

2025-26 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.**

ചുവടെ കൊടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമനമ്പർ | സ്ഥാപനം | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | സി എസ് ബാങ്ക്, കാളികാവ് | രണ്ട് |
| 2 | റിം ഇംഗ്ലീഷ് മീഡിയം സ്കൂൾ കാളികാവ് | ഒന്ന, രണ്ട് |

**2.** സി എസ് ബാങ്ക്, കാളികാവ് എന്ന സ്ഥാപനത്തിന്റെ രണ്ടാം അർദ്ധവർഷത്തിലെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(05/27.07.2026) ന് സി എസ് ബാങ്കിലെ ജീവനക്കാരുടെയും സ്ഥാപന തൊഴിൽ നികുതിയും അടവാക്കിയിട്ടില്ലാത്തതിനാൽ ആയത് റവന്യൂ റിക്കവറി നടത്തുന്നതിന് 2026/7067/10, 2026/702/10 നമ്പർ പ്രകാരം അപേക്ഷ റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട് എന്നും റിം ഇംഗ്ലീഷ് മീഡിയം സ്കൂളിന് തൊഴിൽ നികുതി അടവാക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. മേൽ സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി യഥാസമയം അടവാക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 വിനോദ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 02.09.2025 ലെ ഭരണസമിതി മീറ്റിംഗിലെ 6(1) നമ്പർ തീരുമാനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

"കാളികാവ് വികസന സമിതി എന്ന കൂട്ടായ്മ അഖിലേന്ത്യാ ഫുട്ബാൾ ടൂർണ്ണമെന്റ് , കാളികാവ് ഫെസ്റ്റിവെൽ എന്നിവ നടത്തുന്നതിന് കാളികാവ് ചെത്ത് കടവ് മൈതാനം അനുവദിച്ച് നൽകണമെന്ന്

കാണിച്ച് കാളികാവ് വികസന സമിതി ചെയർമാനും , കൺവീനറും നൽകിയ കത്ത് യോഗം വിശദമായി ചർച്ച ചെയ്തു. പ്രസ്തുത പരിപാടിയിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ 15 ശതമാനം കാളികാവ് പഞ്ചായത്തിന് കീഴിലെ പരിരക്ഷ പദ്ധതിയിലേക്ക് ലഭ്യമാക്കണമെന്ന നിബന്ധനയോടെ ജനുവരി , ഫെബ്രുവരി , മാർച്ച് , ഏപ്രിൽ മാസങ്ങളിൽ കാളികാവ് ചെത്ത് കടവ് മൈതാനം അഖിലേന്ത്യാ ഫുട്ബാൾ ടൂർണ്ണമെന്റ് , കാളികാവ് ഫെസ്റ്റിവെൽ എന്നിവ നടത്തുന്നതിന് വിട്ട് നൽകുന്നതിന് യോഗം ഐകകണ്ഠേനെ തീരുമാനിച്ചു" .

സ.ഉ (കൈ ) 17/2024/LSGD തിയതി 31.01.2024 നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ നടക്കുന്ന വിനോദങ്ങൾക്ക് ഈടാക്കേണ്ട വിനോദനികുതി നിരക്ക് എത്രയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിലെ ക്രമ നമ്പർ 4 പ്രകാരം ഓരോ ടിക്കറ്റിന്റെയും Payment For Admission ന്റെ 10% വിനോദ നികുതി അടവാക്കേണ്ടതുണ്ട്.

കാളികാവ് ഗ്രാമപഞ്ചായത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ നടത്തിയിട്ടുള്ള അഖിലേന്ത്യാ ഫുട്ബാൾ ടൂർണ്ണമെന്റ് , കാളികാവ് ഫെസ്റ്റിവെൽ എന്നിവക്ക് മേൽ സർക്കാർ ഉത്തരവ് പ്രകാരം വിനോദ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/30.07.2026)ലഭ്യമാക്കിയ മറുപടിയിൽ ഫുഡ്ബോൾ ടൂർണമെന്റ് നഷ്ടത്തിൽ കലാശിച്ചതിനാൽ ലാഭവിഹിതത്തിന്റെ 15% തുക പരിരക്ഷാ പദ്ധതിക്ക് നൽകാൻ സാധിച്ചിട്ടില്ലായെന്നും , കാളികാവ് ഫെസ്റ്റിൽ ലാഭമായി കിട്ടിയ 518483 രൂപ പരിരക്ഷാ പദ്ധതിക്കായി വിനിയോഗിച്ചിട്ടുണ്ടെന്നും അറിയിച്ചു. പ്രസ്തുത പരിപാടികളിൽ വിനോദ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടാതണ്.

## 1-15 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇത്തരം പുതിയ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 3(2) പ്രകാരമുള്ള 200/- രൂപ ഫീസ് അടവാക്കി രജിസ്റ്റർ ചെയ്യേണ്ടതും, നിലവിലുള്ള സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 5(1) പ്രകാരം 50/- രൂപ ഫീസ് അടവാക്കി രജിസ്ടേഷൻ പുതുക്കേണ്ടതുമാണ്. ചട്ടം 8 പ്രകാരം, ചട്ടവിരുദ്ധമായി രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ നടത്തുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും ആയിരം രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

2025-26 സാമ്പത്തിക വർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും അവ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചെയ്തതായി കാണുന്നില്ല.

| ക്രമ നമ്പർ | ലൈസൻസിയുടെ/ സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഇസ്മായീൽ കുഞ്ഞിക്കോയ,<br>ആരോഗ്യ ഹെൽത്ത് കെയർ, കാളികാവ് , അക്യുപംക്ചർ ക്ലിനിക്ക് |
| 2 | ഡോ ഷിഫാന, ഫാമിലി ഡെന്റൽ കെയർ കാളികാവ് |
| 3 | ജൽസിന<br>സംസം അക്യുപംക്ചർ വെൽനസ്സ് സെന്റർ, കാളികാവ് |
| 4 | ബിജു സി മാത്യു, മരിയ ക്ലിനിക്കൽ ലാബോറട്ടറി കാളികാവ് |
| 5 | സെക്രട്ടറി കാളികാവ് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, മെഡികോപ്പ് സഹകരണ ലാബോറട്ടറി കാളികാവ് |
| 6 | ഷാൽ വിൻ മുഹമ്മദ്, നൻമ മെഡിക്കൽ ലാബോറട്ടറി കാളികാവ് |
| 7 | നസീബ സുൽഫത്ത് എൻസി, ഗുഡ് ലൈഫ് അക്യുപംക്ചർ സെന്റർ കാളികാവ് |
| 8 | അൽമാസ് ഹോസ്പിറ്റൽ |
| 9 | ദയ ഹോസ്പിറ്റൽ |

മേൽ സ്ഥാപനങ്ങൾ 2025-26 സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (12/28.07.2026) നൽകിയതിനെ തുടർന്ന് മേൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കി വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കി.
തുടർ വർഷങ്ങളിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ എന്നിവ രജിസ്ട്രേഷൻ ഇല്ലാതെ/ പുതുക്കാതെ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-16 കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

2011 കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023 ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യകതമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 10 നിർദ്ദേശം പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നതുമാണ്.

കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച മീ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധനാകെട്ടിടങ്ങൾ, G1, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.01.2019ലെ നം. ആർ.എ.1/20/2018-ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ചട്ടപ്രകാരം കെട്ടിടങ്ങളുടെ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നില്ല എന്നത് പരിശോധനയിൽ ഉറപ്പാക്കാൻ ഒക്കുപ്പൻസി നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകന് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പർ/ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ/മാറ്റങ്ങൾ കണ്ടെത്തി യഥാസമയം തുടർനടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ചാണ് മേൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറും നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുള്ളത്. ആയവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര കെട്ടിടങ്ങൾക്ക് ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടെന്നും എത്ര കെട്ടിടങ്ങൾക്ക് പോസ്റ്റ് ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും, കെട്ടിടങ്ങൾക്ക് മാറ്റം വന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/28.07.2026) മേൽ സർക്കാർ ഉത്തരവ് പ്രകാരം കരകുളം ഗ്രാമീണ പഠന കേന്ദ്രം എന്ന സ്ഥാപനം വഴി ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളും അളന്ന് ജി ഐ എസ് മാപ്പിംഗ് നടത്തിയിട്ടുള്ളതാണെന്നും ആയത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കി.തുടർനടപടി വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-17 അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനം- വസ്തു നികുതി ഈടാക്കിയില്ല, മറ്റ് അപാകത

28.03.2023ലെ നമ്പർ 15(2) ലെഗ് എ2/2023/നിയമം സർക്കാർ ഉത്തരവ് പ്രകാരം അൺഎയിഡഡ് സ്കൂളുകൾ ഉൾപ്പടെയുള്ള സർക്കാർ അംഗീകൃത വിദ്യഭ്യാസ സ്ഥാപനങ്ങൾക്ക് (സർക്കാർ, എയ്ഡഡ് ഒഴികെ) അനുവദിച്ച് വന്നിരുന്ന വസ്തുനികുതിയിളവ് 01.04.2023 പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുള്ളതാണ്. നിലവിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 207 ബി.എ വകുപ്പ് പ്രകാരം ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പടെയുള്ള സർക്കാർ അംഗീകൃത വിദ്യഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കേണ്ടതാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 10 ൽ പ്രവർത്തിക്കുന്ന St Clares കോൺവെന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്ന അൺഎയ്ഡഡ് വിദ്യഭ്യാസ സ്ഥാപനത്തിന്റെ വസ്തുനികുതി വിശദാംശങ്ങൾ കെസ്മാർട്ടിൽ പരിശോധിച്ചതിൽ കെട്ടിടം വസ്തു നികുതി ഒഴിവാക്കിയ കെട്ടിടമായിട്ടാണ് നിലനിൽക്കുന്നത്.

| | |
|---|---|
| കെട്ടിട ഉടമ/ സ്ഥാപനം | ഹെഡ്മിസ്ട്രസ് ,സെന്റ് ക്ലയേഴ്സ് കോൺവെന്റ് ഇംഗീഷ് മീഡിയം സ്കൂൾ |
| കെട്ടിട നമ്പർ, വിസ്തീർണ്ണം | 10/283, 300 ച മീറ്റർ (GF) |

മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കാതെ ഈ കെട്ടിടത്തിന് വസ്തു നികുതി ഒഴിവാക്കിയതിന് കാരണം വ്യക്തമല്ല.

ഇത് കൂടാതെ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം കെ സ്മാർട്ട് രേഖകൾ, സ്കൂൾ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിന് സമർപ്പിച്ച അപേക്ഷ എന്നിവ പരിശോധിച്ചതിൽ വ്യത്യാസമുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെ സ്മാർട്ട് പ്രകാരമുള്ള വിസ്തീർണ്ണം | സ്കൂൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടിയുള്ള അപേക്ഷ പ്രകാരമുള്ള വിസ്തീർണ്ണം |
|---|---|
| 300 ച മീറ്റർ (താഴത്തെ നില) | 33x8.40=277.2 (താഴത്തെ നില)<br>33x8.40=277.2 (ഒന്നാം നില)<br>ആകെ -554.4 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/29.07.2026) അധിക നിർമ്മാണം ക്രമവൽക്കരിക്കുന്നതിനും 01.04.2024 പ്രാബല്യത്തിൽ വസ്തുനികുതി അടവാക്കുന്നതിനും സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. തുടർ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കാതെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-18 സ്കൂൾ കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ- ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷയിലെ സ്കൂൾ ക്ലാസ്സ്മുറികളുടെ വിവരവും പഞ്ചായത്തിൽ നമ്പർ നൽകിയിട്ടുള്ള പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ വിവരവും പരിശോധിച്ചതിൽ സ്കൂളുകളുടെ ആകെ വിസ്തീർണ്ണത്തിൽ വ്യത്യാസം ഉള്ളതായി കാണുന്നു.

| സ്കൂളിന്റെ പേര് | കെ സ്മാർട്ട് പ്രകാരം സ്കൂളിലെ കെട്ടിടങ്ങളുടെ | ഫിറ്റ്നസ് സർട്ടിഫിക്കറ്റിനു വേണ്ടിയുള്ള | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| | ആകെ വിസിതീർണ്ണം. | അപേക്ഷയിൽ രേഖപ്പെട്ടുത്തിയ ക്ലാസ് മുറികളുടെ ആകെ വിസ്തീർണ്ണം | |
| കെ എം എസ് എൻ എം എയുപി സ്കൂൾ, വെള്ളയൂർ | **1157 ച മീറ്റർ** (15/271, 15/272, 15/273, 15/274, 15/275, 15/275 A, 15/276, 15/277, 15/278, 15/278 A | **1948.55 ച മീറ്റർ** | **791.55 ച മീറ്റർ** |

ഇതിൽ നിന്നും മേൽ സ്കൂളിന്റെ മുഴുവൻ വിസ്തീർണ്ണവും പഞ്ചായത്ത് രേഖകളിൽ വന്നിട്ടില്ല/സ്കൂളിൽ അനധികൃത കെട്ടിട നിർമ്മാണം നടന്നിട്ടുണ്ട് എന്ന് വ്യക്തമാണ്. മേൽ അനധികൃത നിർമ്മാണങ്ങൾ ക്രമ വൽക്കരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/30.07.2026) മേൽ സ്കൂളിലെ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

അപാകത സംബന്ധിച്ച് തുടർനടപടി വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും ഗ്രാമപഞ്ചായത്തിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും കെട്ടിടങ്ങൾ പരിശോധിച്ച് അനധികൃത നിർമ്മിതികൾ കണ്ടെത്തി നിയമ പ്രകാരം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-19 ഡക്സ് ഫോർഡ് എജ്യൂപാർക്ക് - വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത

ഗ്രാമപഞ്ചായത്തിൽ 2025-26 വർഷത്തിൽ വസ്തു നികുതി നിർണ്ണയിച്ചതിന്റെ ന്യൂ ബിൽഡിംഗ് വിശദാംശങ്ങൾ ലഭ്യമാക്കിയത് പരിശോധിച്ചതിൽ വാർഡ് 1 ൽ അലി മുഹമ്മദലി എന്നവരുടെ പേരിൽ 1/274 E, F, G എന്നി കെട്ടിടം നമ്പറുകൾ ഉൾപ്പെട്ടിട്ടുണ്ട് എന്ന് കണ്ടു. ആയത് പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട ഉടമ | അലി മുഹമ്മദലി<br>(പെർമിറ്റ് രേഖകൾ പ്രകാരം ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ഡക്സ് ഫോർഡ് എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ്.) |

| | |
|---|---|
| പെർമിറ്റ് നമ്പർ | A3-BA(207535)/2022 തിയതി 23.06.2022 |
| പെർമിറ്റ് പ്രകാരമുള്ള വിസ്തീർണ്ണം | 973.27 ച മീ (വിദ്യാഭ്യാസം)<br>46.24 ച മീ (വാണിജ്യം) |
| കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള കെട്ടിടത്തന്റെ വിസ്തീർണ്ണം. | 4149.26 ച മീ *<br>(3870.24 ച മീറ്റർ- വിദ്യാഭ്യാസം<br>125.16 വാണിജ്യാവശ്യം<br>153.86 വാണിജ്യാവശ്യം)<br>* പെർമിറ്റിൽ നിന്നും അധികരിച്ച വിസ്തീർണ്ണം ക്രമവൽക്കരിച്ചിട്ടുണ്ട്. |
| അനുവദിച്ച കെട്ടിട നമ്പർ | 1/274 E (വാണിജ്യാവശ്യം)<br>1/274 F (വിദ്യാഭ്യാസം)<br>1/274 G (വാണിജ്യാവശ്യം) |
| വസ്തു നികുതി പ്രാബല്യത്തിൽ വന്ന കാലയളവ് | 2023 രണ്ടാം അർദ്ധ വർഷം |

മേൽ കെട്ടിടത്തിന്റെ പെർമിറ്റ് രേഖകൾ പരിശോധിച്ചതിൽ കെട്ടിടം നിർമ്മിച്ചിട്ടുള്ളത് 4 മീറ്റർ വീതിയില്ല റോഡിന് സമീപത്തായിട്ടാണ്. എന്നാൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിട നമ്പർ ലഭ്യമാകുന്നതിനായി നൽകിയ കംപ്ലീഷൻ പ്ലാൻ പ്രകാരം (ടൗൺ പ്ലാനർ, ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ സാക്ഷ്യപ്പെടുത്തിയ പ്ലാൻ) കെട്ടിടം നിലനിൽക്കുന്നത് 5 മീറ്റർ വീതിയുള്ള റോഡിന് സമീപത്തായിട്ടാണ്.

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 2 പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടത്തിന് അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ മേൽ ചട്ട പ്രകാരമുള്ള വർദ്ധനവ് വരുത്തിയിട്ടില്ല എന്ന് വ്യക്തമായി. ചട്ടപ്രകാരമുള്ള വർദ്ധനവ് വരുത്താതെ വസ്തു നികുതി നിർണ്ണയിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

ഇത് കൂടാതെ നമ്പറിംഗിന് വേണ്ടി സമർപ്പിച്ച ഫയലിൽ ചേർത്തിട്ടുള്ള ഫോം 6, കെ സ്മാർട്ടിൽ നിന്നും ലഭ്യമാകുന്ന ഫോം 6 എന്നിവ പരിശോധിച്ചതിൽ അടിസ്ഥാന വസ്തു നികുതിയിൽ മേലുള്ള വർദ്ധനവ്, ഇളവ് എന്നിവയിലുള്ള വ്യത്യാസങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വസ്തു നികുതി നിർണ്ണയിച്ച സമയത്തെ ഫോം 6 പ്രകാരമുള്ള അടിസ്ഥാന വസ്തു നികുതിയിൽമേലുള്ള ഇളവ് & വർദ്ധനവ് | കെ സ്മാർട്ടിലെ ഫോം 6 പ്രകാരമുള്ള അടിസ്ഥാന വസ്തു നികുതിയിൽമേലുള്ള ഇളവ് & വർദ്ധനവ് |
|---|---|---|
| 1/274 E | ഇളവ്-മേഖല 10% (ദ്വിതീയം)<br>വർദ്ധനവ് -ഇല്ല | ഇളവ്-മേഖല 20% (തൃതീയം)<br>വർദ്ധനവ് -ഇല്ല |
| 1/274 F | ഇളവ്-മേഖല 10% (ദ്വിതീയം)<br>വർദ്ധനവ് - തറ നിർമ്മിതി 15% | ഇളവ്-മേഖല 20% (തൃതീയം)<br>വർദ്ധനവ് -ഇല്ല |
| 1/274 G | ഇളവ്-മേഖല 10% (ദ്വിതീയം)<br>വർദ്ധനവ് -ഇല്ല | ഇളവ്-മേഖല 20% (തൃതീയം)<br>വർദ്ധനവ് -ഇല്ല |

വസ്തു നികുതിയിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്താത്തതിനും ഫോം 6 ലെ പൊരുത്തമില്ലായ്മക്കും വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/29.07.2026)തെറ്റായി നികുതി നിർണ്ണയിക്കപ്പെട്ടത് സംബന്ധിച്ചും നികുതി പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ചും കെട്ടിട ഉടമയെ അറിയിച്ച് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം വസ്തു നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

വസ്തു നികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ കെ സ്മാർട്ടിലേക്ക് അപ്‌ലോഡ് ചെയ്യുമ്പോൾ കെട്ടിടങ്ങളുടെ വിശദാംശങ്ങളിൽ മാറ്റം വരുന്നില്ലയെന്ന് ഉറപ്പുവരുത്തേണ്ടതും മേൽ കെട്ടിടത്തിന്റെ

വിവരങ്ങൾ കെ സ്മാർട്ടിൽ അപ്‌ലോഡ് ചെയ്തതിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-20 ഐ.കെ.എം വിഹിതം നൽകൽ - രശീതി ലഭ്യമാക്കിയില്ല.

| | |
|---|---|
| പദ്ധതി നമ്പർ. | 7/26 |
| പേര്. | ഐ.കെ.എം വിഹിതം നൽകൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | സെക്രട്ടറി |
| അടങ്കൽ തുക (₹). | 1,68,538/- (വികസന ഫണ്ട് - സാധാരണം) |
| ചെലവ് (₹). | 1,68,538/- |
| വൗച്ചർ നമ്പർ/തീയതി. | P-G100203-25000256 തീയതി.11.08.2025 – 1,50,000/- |
| | P-G100203-25000878 തീയതി.13.02.2026 – 18,538/- |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം ഐ.കെ.എം ന് 1,68,538/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന് ഐ.കെ.എം രശീതി നൽകിയിട്ടില്ല. രശീതി ലഭ്യമാക്കി കെ-സ്മാർട്ടിൽ അപ്‌ലോഡ് ചെയ്ത് അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.06/27.07.2026 –മറുപടി ലഭ്യമാക്കിയില്ല.)

## 1-21 VEELS" വെബ്സൈറ്റിൽ വാഹനങ്ങളുടെ ചെലവ് വിവരങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടില്ല.

ധനകാര്യ (ഐ.ടി സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിട്ടുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" – എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇത് പ്രകാരം വാഹനത്തിന്റെയും ഡ്രൈവറുടെയും വിവരം നൽകിയിട്ടുണ്ടെങ്കിലും സർക്കുലർ പ്രകാരമുള്ള മറ്റു നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ

ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്. പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല. അപാകതക്ക് കാരണം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.07/27.07.2026 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-22 അജൈവ മാലിന്യങ്ങളുടെ കയ്യൊഴിക്കൽ - ജി.പി.എസ് രേഖകൾ ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ/ പേര്. | 97/26 – ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ സംസ്കരണ സ്ഥലത്തേക്ക് കൊണ്ടു പോകൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | സെക്രട്ടറി. |
| അടങ്കൽ തുക. | 20,38,962/- രൂപ (വികസന ഫണ്ട് - ജനറൽ).<br>15,00,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ്). |
| വിനിയോഗിച്ച തുക. | 16,36,705/- രൂപ (വികസന ഫണ്ട് - ജനറൽ).<br>13,98,250/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ്). |
| വൗച്ചർ നമ്പർ/ തീയതി. | P-G100203-25000295/19.08.2025 – 3,74,535/- |
| | P-G100203-25000565/25.11.2025 – 4,99,975/- |
| | P-G100203-25000879/13.02.2026 – 5,11,945/- |
| | P-G100203-25000940/04.03.2026 – 2,50,250/- |
| | P-G100203-25000168/29.07.2025 – 6,06,830/- |
| | P-G100203-25000198/06.08.2025 – 5,79,740/- |
| | P-G100203-25000424/09.10.2025 – 2,11,680/- |

മേൽ പ്രൊജക്റ്റ് പ്രകാരം അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ശുദ്ധി സൊലൂഷൻസ്, കീർത്തി റോഡ്, നിലമ്പൂർ എന്ന സ്ഥാപനത്തിന് ഒരു കിലോ ഗ്രാമിന് 7 രൂപ നിരക്കിൽ 30,34,955/- രൂപ അനുവദിച്ചിട്ടുണ്ട്. 16.03..2023 തീയതിയിലെ സ.ഉ(സാധാ)നം. 628/2023/LSGD, പൊതു നിർദ്ദേശങ്ങളിലെ ക്രമ നമ്പർ.16 പ്രകാരം മാലിന്യ ശേഖരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങൾ ജി.പി.എസ് ഘടിപ്പിച്ചതായിരിക്കുകയും വാഹനത്തിന്റെ മൂവ്മെന്റ് കൃത്യമായി പരിശോധിക്കുകയും വേണം. വാഹനം കൃത്യമായി സംസ്കരണ ഫെസിലിറ്റിയിൽ എത്തിയതിന്റെ രേഖ എം.സി.എഫിൽ/ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ

സമർപ്പിക്കണം. എന്നാൽ ജി.പി.എസ് ഘടിപ്പിക്കാതെയാണ് വാഹനം ഓടിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 അക്രെഡിറ്റഡ് ഏജൻസി മുഖേനയുള്ള തെരുവ് വിളക്ക് സ്ഥാപിക്കൽ - പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ.

2025-26 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികൾ Kerala Electrical And Alied Engineering Company (KEL) എന്ന അക്രഡിറ്റഡ് ഏജൻസി മുഖേനയാണ് പൂർത്തീകരിച്ചിട്ടുള്ളത്.

| ക്രമ നമ്പർ. | പദ്ധതിയുടെ പേരും നമ്പരും. | ചെലവഴിച്ച തുക. | വൗച്ചർ നമ്പർ/ തീയതി. |
|---|---|---|---|
| 1 | മേലേ കാളികാവ് ജംഗ്ഷൻ മിനിമാസ്റ്റ് ലൈറ്റ്. (171/26) | 1,30,000/- | P-G100203-25000584/ 01.12.2025 |
| 2 | കാളികാവ് അങ്ങാടി ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ. (167/26) | 49,979/- | P-G100203-25000679/ 07.01.2026 |
| 3 | പള്ളിശ്ശേരി ബാലവാടിപ്പടി മിനിമാസ്റ്റ് ലൈറ്റ്. (168/26) | 1,30,000/- | P-G100203-25000588/ 01.12.2025 |
| 4 | വെന്തോടൻ പടി വാർഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ. (163/26) | 1,50,000/- | P-G100203-25000639/ 12.12.2025 |
| 5 | വലിയ കുന്ന് എസ്.സി കോളനി, നെടുങ്കൽ കുന്ന് എസ്.സി കോളനി, ആമപ്പൊയിൽ എസ്.സി കോളനി മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ. (176/26) | 3,89,999/- | P-G100203-25000587/ 03.12.2025 |
| 6 | കാവുങ്ങൽ പുത്തൻമഠം കോളനി, നീലേങ്ങാടൻ കോളനി മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ. (174/26) | 2,59,999/- | P-G100203-25000613/ 09.12.2025 |

| | | | |
|---|---|---|---|
| 7 | ചതുരപ്പള്ളി എസ്.സി കോളനി ഹൈമാസ്റ്റ് (175/26) | 1,29,485/- | P-G100203-25000610/ 09.12.2025 |
| 8 | ഈനാദി മിനി ഹൈമാസ്റ്റ് ലൈറ്റ്. (162/26) | 1,30,000/- | P-G100203-25000584/ 03.12.2025 |
| ആകെ. | | 13,69,462/- | |

സർക്കാർ ഉത്തരവ് (G.O(P) No.104/2022/Fin Dt: 02.09.2022) പ്രകാരം ഇലക്ട്രോ മെക്കാനിക്കൽ, സിവിൽ വർക്കുകൾ PMC ആയി ചെയ്യുന്നതിനാണ് KEL എന്ന സ്ഥാപനത്തിന് അക്രഡിറ്റേഷൻ നൽകിയിട്ടുള്ളത്. സർക്കാർ അംഗീകൃത ഏജൻസികൾ വഴി പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളും നിർവ്വഹണ നടപടി ക്രമങ്ങളും 28.04.2021 ലെ G.O.(P).No. 67/2021/Fin നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. PMC ആയി അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾ പ്രവൃത്തി നിർവ്വഹിക്കുന്നതിന് ടെണ്ടർ നടപടികളിലൂടെ മറ്റൊരു കരാറുകാരനെ/സ്ഥാപനത്തെ തെരഞ്ഞെടുത്ത്, അവർ മുഖേനയാണ് പ്രവൃത്തി നിർവ്വഹിക്കേണ്ടതെന്നും പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം മൂല്യ നിർണ്ണയ പ്രകാരമുള്ള തുക ബന്ധപ്പെട്ട സ്ഥാപനത്തിനും, PMC ചാർജ് അക്രഡിറ്റഡ് ഏജൻസിക്കും നൽകണമെന്നാണ് പ്രസ്തുത സർക്കാർ ഉത്തരവിൽ പറയുന്നത്. ഇത് പ്രകാരം മേൽ പദ്ധതികൾ KEL, VISION Electricals & Electronics, Trippallur, Pullode.P.O, Palakkad എന്ന സ്ഥാപനത്തിനാണ് കരാർ നൽകിയിരിക്കുന്നത്. എന്നാൽ ഈ പദ്ധതികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). മുകളിൽ പരാമർശിച്ച 28.04.2021 ലെ ഉത്തരവിലെ ഖണ്ഡിക 8.2 പ്രകാരം പ്രവൃത്തിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് CPED/MoRTH/MoRD സ്പെസിഫിക്കേഷൻ ഉപയോഗിച്ച് പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

2). മേൽ ഉത്തരവിലെ ഖണ്ഡിക 12.1 പ്രകാരം പ്രവൃത്തിയുടെ സൂപ്പർവിഷൻ, മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ഈ പ്രവൃത്തിയുടെ അളവ് പുസ്തകം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് രേഖയായി VISION Electricals & Electronics എന്ന കരാറുകാരൻ Supply & Installation എന്ന് രേഖപ്പെടുത്തിയ ഇൻവോയിസ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ മതിയായ രേഖകൾ ഹാജരാക്കാതെ കരാറുകാരൻ നൽകിയ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മാത്രം കരാറുകാരന് തുക നൽകുകയും ആയതിന്റെ 7.5% സെന്റേജ് ചാർജായി KEL ന് നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

3). കരാറുകാരനായി VISION Electricals & Electronis നെ തെരെഞ്ഞെടുത്തതിന്റെ ടെണ്ടർ രേഖകൾ ഹാജരാക്കിയിട്ടില്ല.

4). 2025-26 സാമ്പത്തിക വർഷത്തിലേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ (സ.ഉ (കൈ) നം.84/2022/LSGD തീയതി.19.04.2022) യിലെ ഖണ്ഡിക 14 പ്രകാരം പ്രോജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

5). പദ്ധതി മാർഗ്ഗരേഖയിലെ 3.8.4(ഡി) പ്രകാരം, ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് പ്രവൃത്തികളുടെ കാര്യത്തിലും മറ്റ് പൊതുമരാമത്ത് പ്രവൃത്തികളിലെന്നതു പോലെ ഒരു ശതമാനം പ്രവൃത്തികളെങ്കിലും റാൻഡം രീതിയിൽ തെരെഞ്ഞെടുത്ത് പൊതുമരാമത്ത് മാനുവൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. എന്നാൽ മേൽ നിർദ്ദേശ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

5). കരാറുകാരന് നൽകിയ തുകയിൽ നിന്നും ആദായനികുതിയുടെ TDS ചെയ്തിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ. | പ്രൊജക്ട് നമ്പർ. | ഇൻവോയിസ് നമ്പർ/ തീയതി. | ഇൻവോയിസ് തുക (GST ഉൾപ്പെടാതെ) | TDS തുക. (2%) |
|---|---|---|---|---|
| 1 | 162/26 | 059/06.11.2025 | 1,02,483/- | 2,050/- |
| 2 | 163/26 | 060/06.11.2025 | 1,18,250/- | 2,365/- |
| 3 | 167/26 | 057/06.11.2025 | 39,400/- | 788/- |
| 4 | 168/26 | 058/06.11.2025 | 1,20,930/- | 2,419/- |
| 5 | 171/26 | 056/06.11.2025 | 1,02,483/- | 2,050/- |
| 6 | 174/26 | 075/06.11.2025 | 2,04,966/- | 4,099/- |
| 7 | 175/26 | 073/06.11.2025 | 1,20,930/- | 2,419/- |
| 8 | 176/26 | 074/07.11.2025 | 3,07,449/- | 6,149/- |
| ആകെ. | | | 11,16,891/- | 22,339/- |

22,339/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി, അടവാക്കി അറിയിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
ചെലവ് തുകയായ 13,69,462/- രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ. 15/29.07.2026 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-24 വൃക്ക രോഗികൾക്കും നിത്യ രോഗികൾക്കും മരുന്നും അനുബന്ധ ഉപകരണങ്ങളും - മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ/പേര്. | 50/26 – വൃക്ക രോഗികൾക്കും നിത്യ രോഗികൾക്കും മരുന്നും അനുബന്ധ ഉപകരണങ്ങളും. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി). |
| അടങ്കൽ തുക. | 25,00,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |
| വിനിയോഗിച്ച തുക. | 24,99,917/- രൂപ |
| വൗച്ചർ നമ്പർ/ തീയതി. | P-G100203-25000173/26.07.2025 – 13,50,850/- |
| | P-G100203-25000432/09.10.2025 – 2,93,867/- |
| | P-G100203-25000541/21.11.2025 – 1,52,467/- |
| | P-G100203-25000648/23.12.2025 – 3,65,469/- |
| | P-G100203-25001072/26.03.2026 – 1,01,060/- |
| | P-G100203-25001056/26.03.2026 – 2,36,204/- |

മേൽ പ്രൊജക്ട് പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 9,29,642/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ 4,77,332/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ. | പ്രഫോർമ ഇൻവോയിസ് നമ്പർ/തീയതി. | ഇൻവോയിസ് നമ്പർ/തീയതി. | ഇൻവോയിസ് തുക. | ബാക്കി. |
|---|---|---|---|---|
| 1 | PRF27/03.05.2025 – 3,99,975/- (വൗച്ചർ നമ്പർ.P-G100203-25000173/26.07.2025 – 13,50,850/-) | 3012/29.12.2025 | 50,400/- | 35,749/- |
| | | 3592/21.02.2026 | 3,13,826/- | |
| 2 | PRF397/17.07.2025 – 2,55,051/- (വൗച്ചർ നമ്പർ.P-G100203-25000173/26.07.2025 – 13,50,850/-) | 3010/29.12.2025 | 57,132/- | 1,93,965/- |
| | | 3394/02.02.2026 | 3,954/- | |

| | | | | |
|---|---|---|---|---|
| 3 | PRF398/17.07.2025 – 1,73,556/- രൂപ. (വൗച്ചർ നമ്പർ.P-G100203-25000173/26.07.2025 – 13,50,850/-) | 2593/29.11.2025 | 20504 | 1,21,536/- |
| | | 2646/05.12.2025 | 31516 | |
| 4 | PRF3298/18.03.2026 – 1,01,060/- രൂപ. (വൗച്ചർ നമ്പർ.P-G100203-25001072/26.03.2026 – 1,01,060/-) | ഇല്ല. | 0 | 1,01,060/- |
| ആകെ. | 9,29,642/- | --- | 4,77,332/- | 4,52,310/- |

4,52,310/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുകക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഇൻവോയിസ് സ്റ്റോക്ക് ഇഷ്യൂ വിവരങ്ങൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.21/29.07.2026 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-25 ഹരിത ഇക്കോ സെൻസ് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകത.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ. | 449/26 |
| പ്രൊജക്റ്റിന്റെ പേര് | ഹരിത ഇക്കോ സെൻസ് സ്കോളർഷിപ്പ്. |
| അടങ്കൽ തുക | 75,000/- രൂപ (വികസനഫണ്ട് - ജനറൽ) |
| ചെലവ് തുക | 75,000/- രൂപ |
| വൗച്ചർ നമ്പർ/തീയതി. | P-G100203-25000918/27.02.2026 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി. |

തദ്ദേശ സ്വയംഭരണ വകുപ്പ് (ഡബ്ല്യു.എം) വകുപ്പിന്റെ 30.09.2025 ലെ സ.ഉ(സാധാ) നം.2388/2025/LSGD നമ്പർ ഉത്തരവ് പ്രകാരം "വിദ്യാർത്ഥി ഹരിത സേന സ്കോളർഷിപ്പ് - ഇക്കോ സെൻസ്" അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ അനുബന്ധം-1 ലെ തെരെഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ എന്ന ശീർഷകത്തിലെ ക്രമ നമ്പർ.2, 4 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ നിന്നും 50 വിദ്യാർത്ഥികൾക്ക് 1,500/- രൂപ വീതം സ്കോളർഷിപ്പ് നൽകാവുന്നതാണ്. ഇപ്രകാരം ആകെ നൽകുന്ന സ്കോളർഷിപ്പിൽ 40%

യു.പി വിഭാഗത്തിനും 30% ഹൈസ്കൂളിനും 30 ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിനുമായി മാറ്റിവയ്ക്കേണ്ടതുമാണ്.

മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് താഴെ പറയും പ്രകാരം 50 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ടെങ്കിലും മേൽ ഉത്തരവ് പ്രകാരമുള്ള അനുപാതം പാലിക്കാത്തതിനാൽ സ്കോളർഷിപ്പ് ലഭിച്ച യു.പി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുകയും അതിനനുസൃതമായി ഹൈസ്കൂൾ & ഹയർ സെക്കൻഡറി വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് വരികയും ചെയ്തിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| സ്കോളർഷിപ്പ് അനുവദിക്കേണ്ടിയിരുന്ന വിദ്യാർത്ഥികളുടെ എണ്ണം. | | | | സ്കോളർഷിപ്പ് അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണം. | | | |
|---|---|---|---|---|---|---|---|
| യു.പി വിഭാഗം. | ഹൈസ്കൂൾ വിഭാഗം. | ഹയർ സെക്കൻഡറി വിഭാഗം. | ആകെ. | യു.പി വിഭാഗം. | ഹൈസ്കൂൾ വിഭാഗം. | ഹയർ സെക്കൻഡറി വിഭാഗം. | ആകെ. |
| 20 | 15 | 15 | 50 | 28 | 14 | 8 | 50 |

സർക്കാർ ഉത്തരവ് പാലിക്കാതെ പദ്ധതി നടപ്പിലാക്കിയതിനാൽ യു.പി വിഭാഗത്തിൽ 8 വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുകയും ഹൈസ്കൂൾ വിഭാഗത്തിൽ ഒരു വിദ്യാർത്ഥിയുടേയും ഹയർ സെക്കൻഡറി വിഭാഗത്തിൽ 7 വിദ്യാർത്ഥികളുടേയും കുറവ് വരികയും ചെയ്തിട്ടുണ്ട്.

30.09.2025 ലെ സ.ഉ (സാധാ) നം.2388/2025/LSGD ഉത്തരവിലെ ക്രമ നമ്പർ.12 പ്രകാരം സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ മാതൃകാ പ്രവർത്തനങ്ങളും നിരീക്ഷണങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കാനായി ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും ശുചിത്വ പഠനോത്സവം സംഘടിപ്പിക്കേണ്ടതാണ്. സെമിനാറുകൾ, മുഖാമുഖ ചർച്ചകൾ, പ്രദർശനങ്ങൾ എന്നിവ ഉൾപ്പെടുത്തിയായിരിക്കണം ശുചിത്വ പഠനോത്സവം നടത്തേണ്ടത്. സ്കോളർഷിപ്പിന്റെ ഭാഗമായി വിദ്യാലയത്തിൽ നടന്ന പ്രവർത്തനങ്ങൾ, വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും ഏകോപനം, സ്കോളർഷിപ്പ് പ്രവർത്തനങ്ങളുടെ ഗുണനിലവാരം എന്നിവയുടെ അടിസ്ഥാനത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച വച്ച വിദ്യാലയത്തിന് പുരസ്കാരം നൽകേണ്ടതുമാണ്. എന്നാൽ ഇവയൊന്നും നടപ്പിലാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 23/29.07.2026 –മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-26 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് നൽകി.

| | | |
|---|---|---|
| പദ്ധതി | : | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. (45/26 ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് സെക്രട്ടറി. |
| അടങ്കൽ തുക (₹) | : | 9,00,000/- (വികസന ഫണ്ട് - എസ്.സി.പി)<br>4,05,000/- (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് (₹) | : | 6,15,000/- (വികസന ഫണ്ട് - എസ്.സി.പി)<br>4,05,000/- (ജില്ലാ പഞ്ചായത്ത് വിഹിതം) |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം അഞ്ജുഷ.പി, പന്തീരി ഹൗസ്, തളിക്കുഴി, അമ്പലക്കടവ് എന്ന ബിരുദ വിദ്യാർത്ഥിനിക്ക് വൗച്ചർ നമ്പർ. P-G100203-25000686/12.01.2026 പ്രകാരം 20,000/- രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താവിന്റെ പേര് ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ആയതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ പോയത് ക്ലറിക്കൽ മിസ്റ്റേക്ക് മൂലം സംഭവിച്ചതാണെന്നും ആയത് അടുത്ത പഞ്ചായത്ത് കമ്മറ്റിയിൽ വെച്ച് സാധൂകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. 20,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ.24/30.07.2026 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-27 അമ്പലക്കുന്ന് സ്കൂളിന് സോളാർ പ്ലാന്റ് സ്ഥാപിക്കൽ-GST TDS കുറവു ചെയ്തില്ല

| പ്രോജക്ടിന്റെ പേരും നമ്പരും | അടങ്കൽ/ചെലവ് തുക | വൗച്ചർ നമ്പർ/ തിയതി |
|---|---|---|
| അമ്പലക്കുന്ന് സ്കൂളിന് സോളാർ പ്ലാന്റ് സ്ഥാപിക്കൽ<br>പ്രൊജക്റ്റ് നം. 87/26<br>ഫണ്ടിനം- മെയിന്റനൻസ് ഫണ്ട് (റോഡിതരം) | അടങ്കൽ-500000<br>ചെലവ്-499950 | P-G100203-25000593 /06.12.2025 |

2025-26 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം അമ്പലക്കുന്ന് സ്കൂളിൽ സോളാർ പവർ പ്ളാന്റ് സ്ഥാപിക്കുന്നതിന് Gem Portalലൂടെ MADATHIL MARKETING COMPANY (കോട്ടയം) യിൽ നിന്നും Unbranded Solar Power Plant (Roof Top) For ONGRID System, 10 KW {ഇൻവോയ്സ് നമ്പർ- B2C/587/2025-26 DTD 3-11-2025 (476142.86 രൂപ യൂണിറ്റ് പ്രൈസ് + 5% GST)} വാങ്ങി സ്കൂളിൽ സ്ഥാപിച്ചിട്ടുണ്ട്. 2017-ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യമുള്ള വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്. ബിൽ തുകയിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട 2% GST TDS (9523 രൂപ) ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 7/2025-26/27.7.2026ന് മറുപടിയായി തുക അടച്ചതിന്റെയോ GST പിടിച്ചതിന്റെയോ വിവരങ്ങൾ അടങ്ങിയ രേഖകൾ ആവശ്യപ്പെട്ടിട്ടുണ്ട് എന്നും രേഖകൾ സപ്ലയറിൽ നിന്നും ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. GST അടവാക്കിയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-28 എസ്.എസ്.കെ. വിഹിതം- വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

2025-26 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരം 5,00,000/- രൂപ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ സമഗ്രശിക്ഷാ, കേരളക്ക് നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേരും നമ്പരും | ചെലവ് തുക | വൗച്ചർ നമ്പർ/ തിയതി |
|---|---|---|---|
| 1 | എസ് എസ് എ വിഹിതം നൽകൽ- എസ് സി<br>പ്രൊജക്റ്റ് നം. 84/26<br>ഫണ്ടിനം- എസ് സി പി | 300000 | P-G100203-25000421 /29.09.2025 |
| 2 | എസ് എസ് എ വിഹിതം നൽകൽ-ജനറൽ<br>പ്രൊജക്റ്റ് നം. 83/26<br>ഫണ്ടിനം-വികസന ഫണ്ട് ജനറൽ | 200000 | P-G100203-25000420/29.09.2025 |

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രൊജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ. (സമഗ്ര ശിക്ഷാ കേരളം) പ്രൊജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രൊജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രൊജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന പദ്ധതികളിൽ തദ്ദേശ ഭരണസ്ഥാപന ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണമെന്നും മേൽ ഉത്തരവിൽ നിർദ്ദേശമുള്ളതാണ്. ഗ്രാമ പഞ്ചായത്ത് കൈമാറിയ തുക പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്ക്കൂളുകളിൽ ചെലവഴിച്ചതിന്റെ ഇനം തിരിച്ചുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം മേലുത്തരവിന്റെയടിസ്ഥാനത്തിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതുണ്ട്.

ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്റർ, എസ്.എസ്.കെ. മലപ്പുറം 06.06.2025 ലെ സി/1646//2025/ എസ്.എസ്.കെ./ എം.പി.എം. നമ്പർ കത്തു പ്രകാരം അറിയിച്ച ഗ്രാമ പഞ്ചായത്തിനുള്ള വിഹിതം നിശ്ചയിച്ചു കൊണ്ടുള്ള " LSG PLAN AND SHARE AS PER APPROVED AWPB 2025-26 " പ്രകാരം Financial Target 42,74927 രൂപയും, അതിൽ ഗ്രാമ പഞ്ചായത്ത് വിഹിതമായി നൽകേണ്ടിയിരുന്നത് 1709971 രൂപയുമായിരുന്നു. എന്നാൽ 5 ലക്ഷം രൂപ മാത്രമാണ് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയിട്ടുള്ളത്.

ഗ്രാമ പഞ്ചായത്ത് വിഹിതമായി 5 ലക്ഷം രൂപയാണ് നൽകിയിട്ടുള്ളതെങ്കിലും, ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്റർ, എസ്.എസ്.കെ. മലപ്പുറം ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യ പത്രത്തിൽ, 1394986 രൂപ വിനിയോഗിച്ചതായി കാണിച്ചത് എങ്ങനെയാണ് എന്ന് വിശദീകരിക്കേണ്ടതാണ്. ഇക്കാരണത്താൽ ഗ്രാമ പഞ്ചായത്ത് നൽകിയ തുകയുടെ വിനിയോഗം ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകചയറി നമ്പർ- 08/2025-26/27.7.2026ന് പ്രസ്തുത തുകയുടെ ഇനം തിരിച്ചുള്ള കൃത്യമായ വിവരങ്ങളും, പഞ്ചായത്ത് വിഹിതം ഏതെല്ലാം സ്കൂളുകളിലെ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിച്ചത് എന്നതിന്റെ വിശദമായ സാക്ഷ്യപത്രവും ലഭ്യമാക്കാൻ എസ്.എസ്.കെ. ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്ററോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്, വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-29 സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി വയോജനങ്ങൾക്ക് ഉല്ലാസ യാത്ര നടത്തി.

| | |
|---|---|
| പ്രൊജക്ട് | വയോജനങ്ങൾക്ക് ഉല്ലാസയാത്ര (65/26) |
| അടങ്കൽ തുക | 500000/- രൂപ (വികസന ഫണ്ട് - ജനറൽ) |
| ചെലവഴിച്ച തുക | 494300/- രൂപ |
| ബിൽ/ വൗച്ചർ നമ്പർ | P-G100203-25000418 DTD 29.09.2025 RS- 490000<br>P-G100203-25000459 DTD 28.10.2025 RS- 4300 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് ഉല്ലാസയാത്ര എന്ന പദ്ധതിയിൽ 27.09.2025 തീയതിയിൽ കോഴിക്കോട് ജില്ലയിലെ ബേപ്പൂർ , ലുലുമാൾ, ബീച്ച് എന്നിവിടങ്ങളിലേക്ക് ഉല്ലാസയാത്ര നടത്തിയ വകയിൽ 494300/-രൂപ ചെലവഴിച്ചിട്ടുണ്ട്. 2025-26 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022 പ്രകാരം നടത്താൻ അനുമതിയില്ലാത്തതിനാൽ 19.08.2025 ലെ നൂതന പ്രൊജക്ടുകൾക്കായുള്ള ജില്ലാതല വിദഗ്ദ്ധ സമിതി യോഗത്തിന്റെ DPO-MLP/DPC/1/2025-RA 1(1) നമ്പർ നടപടിക്രമ പ്രകാരം അംഗീകാരം ലഭ്യമാക്കിയാണ് ടി പദ്ധതി നടപ്പിൽ വരുത്തിയിട്ടുള്ളത്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2025 ലെ യോഗതീരുമാന നമ്പർ4.40(Pg.No.61) പ്രകാരം കോഡൂർ ഗ്രാമപഞ്ചായത്തിന്റെ വയോജനങ്ങൾക്ക് ഉല്ലാസ യാത്ര എന്ന പദ്ധതിക്ക് അനുമതി നല്കുന്നതിനും മാർഗരേഖയിൽ കൂട്ടിച്ചേർക്കണമെന്നുമുള്ള ആവശ്യം കോ-ഓർഡിനേഷൻ കമ്മിറ്റി നിരസിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ. 30/30.07.2026ന് മറുപടിയായി 19.08.2025 തീയതിയിൽ നൂതന പദ്ധതികൾക്കുള്ള ജില്ലാതല വിദഗ്ദ്ധ സമിതി അംഗീകാരം ലഭിച്ചതിനാലാണ് പദ്ധതി നടപ്പിലാക്കിയത് എന്നും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 21.08.2025 ലെ യോഗ തീരുമാന അറിയുന്നതിന് മുൻപ് പദ്ധതി നടപ്പിലാക്കിയിരുന്നു എന്നും വരും വർഷങ്ങളിൽ ടി പദ്ധതി ഏറ്റെടുത്ത്

നിർവഹണം നടത്തുകയില്ല എന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതി നിർവ്വഹണം നടത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - അധിക തുക നൽകി

| | |
|---|---|
| പ്രൊജക്ട് | ഭിന്നശേഷി സ്കോളർഷിപ്പ് (3/26) |
| അടങ്കൽ തുക | 4149800 |
| ചെലവഴിച്ച തുക | 1833300/- രൂപ (വികസന ഫണ്ട് - ജനറൽ)<br>1332000/- രൂപ (ബ്ലോക്ക് പഞ്ചായത്ത്)<br>270000/- രൂപ (ജില്ലാ പഞ്ചായത്ത്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

2025-26 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022 ഖ. 7.1.6 എ 3 ,7 {600 (പ്രതിമാസ നിരക്ക്)X12)+4000(യാത്രാ ബത്ത സ്കൂളിൽ പോകുന്ന മാസങ്ങളിൽ)+800 (വാർഷിക ബത്ത)} പ്രകാരം പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം പരമാവധി അനുവദിക്കാവുന്ന ധനസഹായം 12000/- രൂപയാണ്. എന്നാൽ റിഷാം പി, S/O ഫൈസൽ പി, പിലാക്കൽ, കറുത്തേനി അഞ്ചച്ചവിടി പി ഒ എന്ന ഗുണഭോക്താവിന്(Locomotor Disability) ( ക്ലാസ് 10th) 36500/- രൂപ താഴെ പറയുന്ന പ്രകാരം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ / തീയതി | അനുവദിച്ച തുക |
|---|---|---|
| 1 | P-G100203-25000471/ 31.10.2025 | 15000 |
| 2 | P-G100203-25000523/ 15.11.2025 | 5500 |
| 3 | 25151352031001090121/ 05.01.2026 | 8000 |

| | | |
|---|---|---|
| 4 | P-G100203-25000751/ 31.01.2026 | 8000/- |
| ആകെ | | 36500/- |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകചയറി നമ്പർ 29/28.07.2026ന് മറുപടിയായി അധികമായി അനുവദിച്ച തുക വരുന്ന രണ്ട് വർഷങ്ങളിൽ ടി ഗുണഭോക്താവിന് അനുവദിക്കേണ്ട തുകയിൽ നിന്ന് കുറവ് വരുത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അധികമായി അനുവദിച്ച 24500 രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-31 സ്മാർട്ട് അങ്കണവാടി, ഹൈടെക് അങ്കണവാടി -അപാകതകൾ.

| ക്രമ നമ്പർ | പ്രോജക്റ്റ് | അടങ്കൽ | ചെലവ് | ബിൽ/ വൗച്ചർ നമ്പർ | ഇൻവോയ്സ് നമ്പർ |
|---|---|---|---|---|---|
| 1 | 29/26 സ്മാർട്ട് അങ്കണവാടി | 300000/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) | 297461/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) | P-G100203-25000543 Dtd 20.11.2025 | 1.2024-25ALP 243 Dtd 09-10-2025 RS 149382.<br>2.2024-25ALP 244 Dtd 09-10-2025 RS 148079 |
| 2 | 102/2026(SO) വെള്ളയൂർ വെള്ളച്ചാട്ടക്കല്ല് അംഗനവാടികൾ ഹൈ ടെക് അംഗനവാടികളാക്കൽ | 150000/- (നോൺ റോഡ്) | 149574/- (നോൺ റോഡ്) | P-G100203-25000397 Dtd 26.09.2025 | 2025-26 ALP 175 Dtd 08-09-2025 RS 149574 |

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ക്രമ നമ്പർ 1, 2 പ്രൊജക്റ്റുകൾ പ്രകാരം കാളികാവ് ഗ്രാമപഞ്ചായത്തിലെ വെള്ളയൂർ, വെള്ളച്ചാട്ടക്കല്ല് അങ്കണവാടികൾ സ്മാർട്ട് അംഗനവാടികളാക്കുന്നതിന് Painting, Kids Playing Mat സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്കും

അങ്കണവാടികൾക്ക് ഫർണ്ണിച്ചർ ലഭ്യമാക്കുന്നതിനും ARTCO ആലപ്പുഴക്ക് മുകളിൽ കൊടുത്തിട്ടുള്ളതു പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ക്വട്ടേഷൻ നടപടികളിലൂടെയാണ് ആർട്ട്കോയെ തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

**1) പ്രവൃത്തി നടത്തിയതിന്റെ വിവരം ലഭ്യമല്ല.**

ARTCO നൽകിയ ഇൻവോയ്സ് അല്ലാതെ പ്രവൃത്തി നടത്തിയതിന്റെ അളവ് രേഖപ്പെടുത്തിയ ബില്ല് തയ്യാറാക്കിയിട്ടില്ല.

**2) അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.**

ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾക്ക് അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച സ്ഥാപനമാണ് ആർട്ട്കോ . അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ചുള്ള സർക്കാർ ഉത്തരവ് GO(P) 67/21/Fin Dt 28.04.2021 അനുസരിച്ച് അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ ഡിസൈൻ, പ്ലാൻ , ഡിറ്റൈൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കൽ , സാങ്കേതികാനുമതി നൽകൽ എന്നിവ പ്രസ്തുത അക്രഡിറ്റഡ് ഏജൻസിയുടെ ചുമതലയാണ്. വിശദമായ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ, CPWD, MORd Data അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കണം എന്നും, പ്രവൃത്തി നടത്തുന്ന ഏജൻസികൾ PWD മാന്വലിലെ നിബന്ധനകൾ പാലിക്കുകയും ചെയ്യണം എന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ നടപ്പാക്കിയ പ്രവൃത്തിയിൽ മേൽ നിർദ്ദേശങ്ങളൊന്നും തന്നെ പാലിച്ചിട്ടില്ല. പെയിന്റിംഗ് പ്രവൃത്തികൾക്ക് ആർട്ട്കോ നിരക്ക് നിശ്ചയിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണ് എന്നതും വ്യക്തമാക്കിയിട്ടില്ല.

**3) സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങൽ നടത്തി.**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ബാധകമായ ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ തീയതി 08.11.2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം മതിപ്പു വില 100000 രൂപയിൽ കൂടുതലാണെങ്കിൽ ലിമിറ്റഡ് ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടതാണ്, എന്നാൽ ടി പദ്ധതിയിൽ ക്വട്ടേഷൻ നടപടികളിലൂടെയാണ് ആർട്ട്കോയെ തെരഞ്ഞെടുത്തിട്ടുള്ളത്.

4). മേൽ പദ്ധതി നടപ്പിലാക്കിയ സെന്ററുകളിൽ നിന്നും പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

5) വർക്ക് ബിൽ തയ്യാറാക്കിയിട്ടില്ല.

6. പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അളവുപുസ്തകം ഫയലിൽ ലഭ്യമല്ല.
7. പ്രവൃത്തി പൂർത്തീകരിച്ച് Measurement / Check Measurement നടത്തിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

8. സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. 1% വെൽഫയർ ഫണ്ട് വിഹിതം 2% ഐടി എന്നിവ ഈടാക്കിയിട്ടില്ല.

വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണ് എന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻകചയറി 28/2025-26/30.07.2026ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ 1 മുതൽ 8 വരെയുള്ള അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## <u>1-32 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി-മരുന്ന് ലഭ്യമായിട്ടില്ല.</u>

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പ്രൊജക്റ്റ് പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | വെള്ളയൂർ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ 05/26 |
| ഫണ്ട്/അടങ്കൽ | 150000/-(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | Rs.150,000/- |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തിയ്യതി/തുക | PF-116/17.07.2025/150,000 |
| ബിൽ റഫറൻസ് നമ്പർ/ തിയ്യതി/തുക | PG100203-25000436/09.10.2025/150,000/- |

മേൽ പ്രൊജക്ട് പ്രകാരം 150,000/-രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്ക് രജിസ്റ്റർ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകചയറിക്ക് (01/24.07.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.
മരുന്ന് പൂർണ്ണമായും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## <u>1-33 കെ.എസ്.ഇ.ബി ക്ക് മുൻകൂർ നൽകി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.</u>

താഴെ പറയുന്ന പ്രവൃത്തികൾക്കായി കാളികാവ് കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയർക്ക് 9,967/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ. | പ്രവൃത്തി. | വൗച്ചർ നമ്പർ/ തീയതി. | തുക. |
|---|---|---|---|
| 1 | കുറുപൊയിൽ തണ്ടുകോട് റോഡിൽ കുറുപൊയിൽ എന്ന സ്ഥലത്ത് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന്. | P-G100203-25000401/29.09.2025 | 9,967/- രൂപ. |

എന്നാൽ ഈ പ്രവൃത്തിയുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ധന വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുകയായ 9,967/- രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ. 25/30.07.2026 – മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-34 പഞ്ചായത്ത് ഓഫീസിലെ നെറ്റ്‌വർക്ക് കൺസീൽഡ് നെറ്റ്‌വർക്ക് ആക്കൽ - വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ. | 62/26 |
| പ്രൊജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസിലെ നെറ്റ്‌വർക്ക് കൺസീൽഡ് നെറ്റ്‌വർക്ക് ആക്കൽ. |
| അടങ്കൽ തുക | 3,00,000/- രൂപ (വികസനഫണ്ട് - ജനറൽ) |
| ചെലവ് തുക | 3,00,000/- രൂപ |
| വൗച്ചർ നമ്പർ/ തീയതി. | P-G100203-25000463/28.10.2025 |
| നിർവ്വഹണം | സെക്രട്ടറി. |

പഞ്ചായത്ത് ഓഫീസിലെ നെറ്റ്‌വർക്ക് കൺസീൽഡ് നെറ്റ്‌വർക്ക് ആക്കുന്നതിന് 3,00,000/- രൂപ PWD (Electronics Wing) ന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 2,32,427/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി. ബാക്കി തുകയായ 67,573/- രൂപ തിരിച്ചടവാക്കുന്നതിന് ഇലക്ട്രോണിക്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത്

നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. തിരിച്ചടവ് വിവരം അറിയിക്കുന്നത് വരെ 67,573/- രൂപ തടസ്സം ചെയ്യുന്നു.

## 1-35 പരിരക്ഷ പദ്ധതിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ/പേര്. | 40/26 – പരിരക്ഷാ പാലിയേറ്റീവ് പ്രോഗ്രാം. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി). |
| അടങ്കൽ തുക. | 2,00,000/- രൂപ (വികസന ഫണ്ട് - ജനറൽ)<br>2,00,000/- രൂപ (തനത് ഫണ്ട്)<br>7,50,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |
| വിനിയോഗിച്ച തുക. | 1,94,306/- രൂപ (വികസന ഫണ്ട് - ജനറൽ)<br>1,29,920/- രൂപ (തനത് ഫണ്ട്)<br>7,19,160/- രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |

മേൽ പ്രൊജക്ടിൽ ഉൾപ്പെടുത്തി മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് വൗച്ചർ നമ്പർ. P-G100203-25000434/09.10.2025 പ്രകാരം 1,68,144/-(മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) രൂപ നല്കിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രസ്തുത തുകക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഇൻവോയിസ് സ്റ്റോക്ക് ഇഷ്യൂ വിവരങ്ങൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.20/29.07.2026 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-36 ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ/പേര്. | 38/26 – ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | സെക്രട്ടറി. |

| | |
|---|---|
| അടങ്കൽ തുക. | 7,00,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |
| വിനിയോഗിച്ച തുക. | 7,00,000/- രൂപ |
| വൗച്ചർ നമ്പർ/തീയതി. | P-G100203-25000207/11.08.2025. |

മേൽ പ്രൊജക്ട് പ്രകാരം ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി, പ്രൊഫോർമ ഇൻവോയിസ് നമ്പർ. PRF-237062/10.06.2025 പ്രകാരം ഔഷധിയ്ക്ക് 7,00,000/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ താഴെ പറയും പ്രകാരം 6,96,694/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ക്രമ നമ്പർ. | ഇൻവോയ്സ് നമ്പർ/തീയതി. | തുക. |
|---|---|---|
| 1 | 90391577/31.07.2025 | 10,618/- രൂപ. |
| 2 | 90393370/25.08.2025 | 2,94,035/- രൂപ. |
| 3 | 90394630/30.08.2025 | 1,16,349/- രൂപ. |
| 4 | 90397270/28.09.2025 | 1,05,198/- രൂപ. |
| 5 | 90401625/30.10.2025 | 74,825/- രൂപ. |
| 6 | 90406291/28.11.2025 | 62,829/- രൂപ. |
| 7 | 90410407/30.12.2025 | 5,305/- രൂപ. |
| 8 | 90414773/29.01.2026 | 3,190/- രൂപ. |
| 9 | 90426080/26.03.2026 | 4,429/- രൂപ. |
| 10 | 90431857/28.04.2026 | 6,980/- രൂപ. |
| 11 | 90434697/25.05.2026 | 12,936/- രൂപ. |
| ആകെ. | | 6,96,694/- രൂപ. |

3,306/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുകക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഇൻവോയിസ് സ്റ്റോക്ക് ഇഷ്യൂ വിവരങ്ങൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.02/27.07.2026 – മരുന്നുകൾ ലഭ്യമായാൽ വിവരം ഓഡിറ്റിനെ അറിയിക്കാം എന്ന് മറുപടി നൽകി.)

## 1-37 ഗ്രൗണ്ടിൽ മണ്ണ് നിറക്കൽ - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അക്രഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹണം നടത്തിയ ചാഴിയോട് ഗ്രൗണ്ടിൽ മണ്ണ് ഫില്ലിങ്ങും ഗോൾ പോസ്റ്റ് സ്ഥാപിക്കലും (154/26) എന്ന പ്രവൃത്തിയുടെ ഇനം 1 ആയി ഗ്രൗണ്ടിൽ മണ്ണ് നിറച്ചതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 3.4 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. റോഡ് നിർമ്മാണം, അനുബന്ധ പ്രവൃത്തികൾ എന്നിവക്കാണ് മോർഡ് സ്പെസിഫിക്കേഷൻ ഡാറ്റ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ ഈ പ്രവൃത്തി അപ്രകാരമുള്ളതല്ലാത്തതിനാൽ DSR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പ്രവൃത്തി നിർവ്വഹിക്കേണ്ടിയിരുന്നത്.

ഇത്തരം പ്രവൃത്തികളിൽ മണ്ണ് ഫില്ലിംഗ് പ്രവൃത്തിക്ക് പ്രൈസ് സോഫ്റ്റ്‌വയറിൽ ലഭ്യമായ അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.2.26.1 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. പകൽ വീട് അനുബന്ധ പ്രവൃത്തികൾ, അടക്കാക്കുണ്ട് GLPസ്കൂൾ ചുറ്റുമതിൽ പുനരുദ്ധാരണം (310/26) എന്ന പ്രവൃത്തിയിൽ ഇതേ ഇനത്തിന് 50.2.26.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്

അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം. അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (18 % GST + സെന്റേജ് + സെന്റേജിന്മേലുള്ളGST ഉൾപ്പെടെ) |
|---|---|---|---|---|
| ചാഴിയോട് ഗ്രൗണ്ടിൽ മണ്ണ് ഫില്ലിങ്ങും ഗോൾ പോസ്റ്റ് സ്ഥാപിക്കലും (154/26)<br>വൗച്ചർ 25000219/14.8.2025 തുക 231902<br>കരാർ TRP 18/7.2.2025<br>കരാറുകാരൻ ശ്രീ. അക്ബർ മാഞ്ചേരി<br>ഏജൻസി FIT | മണ്ണ് ഫില്ലിംഗ്<br>428.06 $M^3$ | 201952<br>@474/$M^3$ | 126697<br>@297.37 | 92345<br>(75255+13546+3003+541) |

| | | | | |
|---|---|---|---|---|
| സെന്റേജ് 3.99%<br>അളവ് പുസ്തകം 291/24-25<br>DSR 2028 കോസ്റ്റ് ഇൻഡക്സ് 36.44% | | | | |

അധികം നൽകിയ തുക ഈടാക്കണമെന്നാവശ്യപ്പെട്ട് 9/27.7.26 പ്രകാരം നൽകിയ ഓഡിറ്റ് എൻകചയറിക്ക് – അധികം നൽകിയ തുക ഈടാക്കണമെന്നാവശ്യപ്പെട്ട് അക്രഡിറ്റഡ് ഏജൻസിക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും തുക ഗ്രാമ പഞ്ചായത്തിൽ അടവാക്കുന്ന മുറക്ക് ഓഡിറ്റിനെ വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി എങ്കിലും അധികം നൽകിയ തുക അടവാക്കിയിട്ടില്ലാത്തതിനാൽ നഷ്ട തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി ചുമത്തുന്നു. അധികം നൽകിയ 92345 രൂപ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-38 ഇ- ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിൽഅടവാക്കുന്നില്ല

ഇ ടെണ്ടർ മുഖേന അസി. എൻജിനീയർ നിർവ്വഹണം നടത്തുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ ലഭിക്കുന്നത് അസി.എൻജിനീയറുടെ പേരിൽ SBI കരുവാരക്കുണ്ട് ശാഖയിലുള്ള 39075395797 നമ്പർ അക്കൗണ്ടിലാണ്. പ്രസ്തുത അക്കൗണ്ടിൽ 14.07.2026-ന് 358450/- രൂപയുടെ നീക്കിയിരിപ്പുണ്ട്. ടെണ്ടർ ഫീ പഞ്ചായത്തിന്റെ തനത് വരുമാനമായതിനാൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. കറന്റ് അക്കൗണ്ടായ മേൽ അക്കൗണ്ടിൽ പണം സൂക്ഷിക്കുന്നതുമൂലം പലിശ ഇനത്തിലും പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടാവുന്നുണ്ട്. നിലവിൽ നീക്കിയിരുപ്പുള്ള തുക അടിയന്തിരമായി പഞ്ചായത്ത് ഫണ്ടന് കൈമ്മാറുന്നതിനു് നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## ബാങ്ക് അക്കൗണ്ടിലെ വിവരങ്ങൾ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല

.അസി. എൻജിനീയറുടെ പേരിൽ വിവിധ ബാങ്കുകളിലായി ചുവടെ കാണും പ്രകാരം 3 അക്കൗണ്ടുകൾ കൂടി ഉണ്ട്. പ്രസ്തുത അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളുടെ വിശദാംശങ്ങൾ പരിശോധിച്ച് ആയത് ബന്ധപ്പെട്ടവർക്ക് കൈമാറേണ്ടതും പണമിടപാട് നടക്കാത്ത അക്കൗണ്ടുകളാണെങ്കിൽ ആയത് ക്ലോസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ മുകളിൽ പരാമർശിച്ച അക്കൗണ്ടിലെയും ചുവടെ ചേർത്ത ഈ അക്കൗണ്ടുകളിലെയും പണമിടപാടുകളൊന്നും തന്നെ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നുമില്ല.

| ക്രമ നമ്പർ | ബാങ്ക് | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് |
|---|---|---|---|
| 1 | പഞ്ചാബ് നാഷണൽ ബാങ്ക് | 4281000100090377 | 1173.74 |

| | | | |
|---|---|---|---|
| | കാളികാവ് | | |
| 2 | കനറാ ബാങ്ക് കാളികാവ് | 110039398472 | 00.00 (31.3.2026) |
| 3 | ട്രഷറി സേവീംഗ് ബാങ്ക്, കരുവാരക്കുണ്ട് | 799011400004920 | 22553 (31.3.2026) |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി - 33/31.7.2026 നൽകിയതിന് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകകൾ ഉടനടി ഗ്രാമ പഞ്ചായത്തിലേക്ക് അടവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-39 സർക്കാർ ഉത്തരവിനും PWD മാന്വലിലെ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി റിവൈസ്സ് എസ്റ്റിമേറ്റ് തയ്യാറാക്കി

1. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അക്രഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹണം നടത്തിയ പൂങ്കോട് സ്കൂൾപടി മീറ്റിംഗ് ഹാൾ, പൂങ്കോട് സ്കൂളിന്റെ ക്ലാസ് റൂമുകളിൽ ഫ്ലോറിങ്ങും ....... എന്ന പ്രവൃത്തി (267/26) 3.4.2025 ന് ആരംഭിച്ച് 4.7.2025 ന് പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റിൽ ഉണ്ടായിരുന്ന മിച്ചഭൂമി അംഗൻവാടി പ്രവൃത്തികൾ ഒന്നും ചെയ്യാതെയും, വണ്ടിപ്പരക്കുന്ന് അംഗൻവാടിയുമായി ബന്ധപ്പെട്ട 6 ഇനം പ്രവൃത്തികൾ ഒഴിവാക്കിയതും ഉൾപ്പെടെ പല മാറ്റങ്ങളും വരുത്തി റിവൈസ്സ് എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. റിവൈസ്സ് എസ്റ്റിമേറ്റിനുള്ള ഭരണ സമിതി അംഗീകാരം ലഭിച്ചത് പ്രവൃത്തി പൂർത്തീകരിച്ച് 3 മാസങ്ങൾക്ക് ശേഷമാണ്. ഇത് സർക്കാർ ഉത്തരവിനും PWD മാന്വലിലെ നിർദ്ദേശങ്ങൾക്കും വിരുദ്ധമാണ്.

PWD മാനവൽ ഖണ്ഡിക 1601.1.6 ലാണ് റിവൈസ്സ് എസ്റ്റിമേറ്റ് ഉണ്ടാക്കേണ്ട സാഹചര്യം വിശദീകരിച്ചിട്ടുള്ളത്. ഒരു പ്രവൃത്തി നടന്ന് കൊണ്ടിരിക്കെ കൂട്ടിച്ചേർക്കലുകളോ, ഒഴിവാക്കലുകളോ മാറ്റം വരുത്തലുകളോ ആവശ്യം വരുമ്പോഴാണ് എസ്റ്റിമേറ്റ് പുതുക്കേണ്ടത് എന്ന് പ്രസ്തുത ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്. ഭരണാനുമതി തുകയിൽ പരിമിതപ്പെടുത്തിയാകണം പ്രവൃത്തിക്ക് റിവൈസ്സ് എസ്റ്റിമേറ്റ് ഉണ്ടാക്കേണ്ടത് എന്നും പ്രവൃത്തി പൂർത്തീകരിക്കുന്നത് വരെയോ നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി നേടുന്നത് വരെയോ (Advanced Stage Of Completion) റിവൈസ്സ് എസ്റ്റിമേറ്റിന് കാത്തു നിൽക്കേണ്ടതില്ല എന്നും പ്രസ്തുത ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതാണ്. പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷമോ നിർമ്മാണത്തിൽ വളരെയേറെ പുരോഗതി നേടിയതിന് ശേഷമോ സമർപ്പിക്കുന്ന റിവൈസ്സ് എസ്റ്റിമേറ്റിന് അനുമതി നൽകുവാൻ പാടില്ല എന്ന് സ.ഉ.(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയ്യതി 19.04.2022 പ്രകാരമുള്ള 14-ാം പദ്ധതി മാർഗ്ഗ രേഖ ഖണ്ഡിക.3.8.3(8)(V) ൽ പരാമർശിച്ചിട്ടുള്ളതാണ്.

ഇവിടെ പ്രവൃത്തി പൂർത്തീകരിച്ച് 3 മാസം കഴിഞ്ഞാണ് പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് ഭരണ സമിതി അംഗീകാരം നൽകിയിട്ടുള്ളത്. അടിയന്തിര പ്രാധാന്യത്തോടെ ഈ പ്രവൃത്തികൾ ചെയ്യേണ്ടി വന്നതിനാൽ ആയത് അടങ്കൽ തുകയിൽ വ്യത്യാസപ്പെടാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് അസിസ്റ്റന്റ് എഞ്ചിനീയറുടെ നടപടി സാധൂകരിച്ചും തീരുമാനിച്ചു എന്നാണ് ഇത് സംബന്ധിച്ച ഭരണ സമിതിയുടെ 22.10.2025 ലെ 1(13) നമ്പർ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള അടിയന്തിര സാഹചര്യം എന്താണെന്ന് വ്യക്തമാക്കിക്കൊണ്ടും എസ്റ്റിമേറ്റ് പുതുക്കണമെന്നും ആവശ്യപ്പെട്ട് കൊണ്ടുമുള്ള കരാറുകാരന്റെയോ, അക്രഡിറ്റഡ് ഏജൻസിയുടെയോ കത്തുകൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. മാത്രമല്ല റിവൈസ്ഡ് എസ്റ്റിമേറ്റിൽ ആയത് അംഗീകരിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നാണെന്നും വ്യക്തല്ല.

ഭരണ സമിതിയുടെ അനുമതിയില്ലാതെ സർക്കാർ ഉത്തരവിനും PWD മാന്വലിലെ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി പ്രവൃത്തി നിർവ്വഹിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി 37/31.7.2026 നൽകിയിതിന് – അപാകതകക്ക് മറുപടി നൽകണമെന്നാവശ്യട്ട് അക്രഡിറ്റഡ് ഏജൻസിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.
അപാകതകക്ക് മറുപടി ലഭ്യമാകുന്നത് വരെ ചെലവ് തുക 1722263 രൂപ തടസ്സം ചെയ്യുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
പ്രവൃത്തി – പൂങ്ങോട് സ്കൂൾ മീറ്റിംഗ് ഹാൾ, പൂങ്ങോട് സ്കൂളിന്റെ ക്ലാസ് മുറികളിൽ ഫ്ലോറിങ്ങും ഗ്രിൽ ഇടുക റൂഫ് മാറ്റുക മിച്ചഭൂമി അങ്കണവാടി പൂർത്തീകരണം വണ്ടിപ്പരക്കുന്ന് അങ്കണവാടി പുനരുദ്ധാരണം (267/26)
ഫണ്ട് – പ്ലാൻ ഫണ്ട് ജനറൽ 45000, മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് – 2155000
ചെലവ് – BRN 25151352031100908291/25.11.25 908245 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)
BRN 25151352031100935662/28.11.25 814018 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)
കരാറുകാരൻ – ശ്രീ . അക്ബർ മാഞ്ചേരി
കരാർ – TR/07/24-25 Dt. 7.2.2025
അളവ് പുസ്തകം – നമ്പർ രേഖപ്പെടുത്തിയിട്ടില്ല.
2. ചേരിക്കുളമ്പ് ഇമ്പിച്ചിക്കോയപ്പടി ചപ്പാത്ത് നിർമ്മാണം, പട്ടാണി തരിശ് എസ്.സി കോളനി ചേരുകുണ്ട് ചേരുകുളമ്പ് എസ്.സി കോളനി ബൈപ്പാസ് റോഡ് കോൺക്രീറ്റ് (301/26) എന്ന പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചത് 5.75 ലക്ഷം രൂപക്കാണ്. ഇത് പ്രകാരം അക്രഡിറ്റഡ് ഏജൻസി ടെണ്ടർ

വിളിക്കുകയും 468332.27 രൂപ കാട്ട് ചെയ്ത അക്ബർ മാഞ്ചേരി എന്ന കരാറുകാരനെ തെരഞ്ഞെടുക്കുകയും എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി 5.2.2026 ന് പൂർത്തീകരിക്കുകയും ചെയ്തു.

എന്നാൽ ഈ പ്രൊജക്ട് പ്രകാരം 7740148.41 രൂപയുടെ പ്രവൃത്തി നിർവ്വഹിക്കുകയും ആയത് പ്രകാരം നികുതിയും സെൻറേജ് ചാർജ്ജും ഉൾപ്പെടെ 944262 രൂപ കരാറുകാരന് നൽകുകകയും ചെയ്തിട്ടുണ്ട്.

